"ഭരണഭാഷ-മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ് - പുനർവിന്യാസം - കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും പുനർവിന്യാസം മുഖേന ചുനക്കര ഗ്രാമപഞ്ചായത്തിൽ ജോലിചെയ്യുവരുന്ന ശ്രീ.ശ്രീകുമാർ കെ.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇആർഎ) വകുപ്പ്**

**സ.ഉ.(സാധാ) നം.2014/2019/ത.സ്വ.ഭ.വ** **തിരുവനന്തപുരം, തീയതി, 19.09.2019.**

---

പരാമർശം: 1) സ.ഉ.(സാധാ) നം.2576/2011/തസ്വഭവ തീയതി, 05.11.2011.

2) ശ്രീ.ശ്രീകുമാർ കെ. സമർപ്പിച്ച 03.07.2019-ലെ നിവേദനം.

3) കാർഷിക വികസന കർഷകക്ഷേമ ഡയറക്ടറുടെ 01.08.2019-ലെ എസ്.എ(4) 435/17 നമ്പർ കത്ത്.

4) പഞ്ചായത്ത് ഡയറക്ടറുടെ 07.09.2019-ലെ പി.എ.എൻ/10916/2019 ഡി12(ഡിപി) നമ്പർ കത്ത്.

**<u>ഉത്തരവ്</u>**

പരാമർശം (1) പ്രകാരം ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിൽ പുനർവിന്യാസം മുഖേന ജോലിചെയ്യുവരുന്ന കാർഷിക വികസന കർഷകക്ഷേമ വകുപ്പിലെ ജീവനക്കാരനായ ശ്രീ.ശ്രീകുമാർ കെ. തന്നെ മാതൃവകുപ്പിലേക്ക് തിരികെ അയയ്ക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് പരാമർശം (2) പ്രകാരം സമർപ്പിച്ച അപേക്ഷ പരാമർശം (3) പ്രകാരം കാർഷിക വികസന കർഷകക്ഷേമ ഡയറക്ടർ സർക്കാരിന് സമർപ്പിച്ചിരുന്നു. ടിയാനെതിരെ വിജിലൻസ് അന്വേഷണങ്ങളോ മറ്റ് നടപടിക്രമങ്ങളോയില്ലായെന്ന് പരാമർശം (4) പ്രകാരം പഞ്ചായത്ത് ഡയറക്ടർ റിപ്പോർട്ട് ചെയ്തിരുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ നിന്നും 2011 മുതൽ പുനർവിന്യാസ വ്യവസ്ഥ പ്രകാരം ആലപ്പുഴ ജില്ലയിലെ ചുനക്കര ഗ്രാമപഞ്ചായത്തിൽ ജോലിചെയ്യുവരുന്ന ശ്രീ.ശ്രീകുമാർ കെ.-യെ മാതൃവകുപ്പിലേക്ക് തിരികെ അയച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം
**ജയശ്രീ എം.**
**അണ്ടർ സെക്രട്ടറി**

ഡയറക്ടർ, കാർഷിക വികസന കർഷകക്ഷേമ വകുപ്പ്, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
സെക്രട്ടറി, ചുനക്കര ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ശ്രീ.ശ്രീകുമാർ കെ., ക്ലാർക്ക്, കൃഷി വകുപ്പ് (വകുപ്പ് മേധാവി മുഖേന)
കൃഷി വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ കേരളാ മിഷൻ, തിരുവനന്തപുരം.
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) ഡിപ്പാർട്ട്മെന്റ്. (ഗവ.വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ